2026
NOVEMBER
14
SATURDAY

www.societytodaynews.com

സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



ഒക്ടോബറിൽ വ്യാപാരകമ്മി ഉയർന്നു

ഒരു വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിൽ

ന്യൂദൽഹി: കയറ്റുമതിയേക്കാൾ വേഗത്തിൽ ഇറക്കുമതി വർധിച്ചതിനെത്തുടർന്ന് ഇന്ത്യയുടെ ചരക്ക് വ്യാപാരകമ്മി ഒക്ടോബറിൽ ഒരു വർഷത്തെ ഏറ്റവും ഉയർന്ന നിരക്കായ 39.88 ബില്യൺ ഡോളറിലെത്തിയതായി കേന്ദ്ര സർക്കാർ പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു.

സെപ്റ്റംബറിൽ രേഖപ്പെടുത്തിയ 30.21 ബില്യൺ ഡോളറിൽനിന്നാണ് വ്യാപാരകമ്മി ഉയർന്നത്. ഉത്സവ സീസണിലെ ഉയർന്ന സ്വർണം വാങ്ങലുകളും ഇന്ധനച്ചെലവിലുണ്ടായ വർധനയും ഇറക്കുമതി കൂട്ടിയതോടെയാണ് രാജ്യത്തിൻറെ വ്യാപാര കമ്മി ഒക്ടോബറിൽ ഒരു വർഷത്തെ ഉയർന്ന നിരക്കിലെത്തിയത്.

2025 ഒക്ടോബറിലാണ് ഇതിനു മുൻപ് വ്യാപാരകമ്മി റിക്കാർഡ് നിരക്കായ 42.58 ബില്യൺ ഡോളറിലെത്തിയത്. അന്ന് ഇറക്കുമതി റിക്കാർഡ് നിരക്കായ 76.69 ബില്യൺ ഡോളറിലെത്തിയിരുന്നു. ചരക്ക്, സേവന കയറ്റുമതി മൊത്തത്തിൽ ഒക്ടോബറിൽ കഴിഞ്ഞ വർഷത്തേക്കാൾ 29.9 ശതമാനം ഉയർന്ന് 89.99 ബില്യൺ ഡോളറിലെത്തി.

ദീപാവലിക്കു മുന്നോടിയായി ജ്വല്ലറികളും ഉപഭോക്താക്കളും സ്വർണം വാങ്ങൽ വർധിപ്പിച്ചതോടെ സെപ്റ്റംബറിലെ 1.8 ബില്യൺ ഡോളറിൽനിന്ന് മഞ്ഞലോഹത്തിന്റെ ഇറക്കുമതി ഏകദേശം മൂന്നിരട്ടിയോളം ഉയർന്ന് 5.51 ബില്യൺ ഡോളറിലെത്തി.

സർക്കാർ കണക്കുകൾ പ്രകാരം, ഒക്ടോബറിൽ ചരക്ക് കയറ്റുമതി മുൻമാസത്തെ 44.40 ബില്യൺ ഡോളറിൽനിന്ന് 49.47 ബില്യൺ ഡോളറായി വർധിച്ചു. അതേസമയം, ഇറക്കുമതി സെപ്റ്റംബറിലെ 74.61 ബില്യൺ ഡോളറിൽനിന്ന് 89.35 ബില്യൺ ഡോളറായി ഉയർന്നു.

ഇന്ത്യയുടെ സേവന കയറ്റുമതി ഒക്ടോബറിൽ 40.51 ബില്യൺ രേഖപ്പെടുത്തിയപ്പോൾ ഇറക്കുമതി 20.72 ബില്യൺ ഡോളറിന്റെതായി. ഇത് 19.79 ബില്യൺ ഡോളറിന്റെ സേവന വ്യാപാരമിച്ചത്തിലേക്കു നയിച്ചു.

ഏപ്രിൽ-ഒക്ടോബർ കാലയളവിൽ ചരക്ക് കയറ്റുമതി മുൻവർഷത്തെ അപേക്ഷിച്ച് 22 ശതമാനം വർധിച്ച് 309.06 ബില്യൺ ഡോളറിലെത്തി.

2026-27 സാമ്പത്തികവർഷത്തിന്റെ ആദ്യ ഏഴു മാസങ്ങളിൽ ഇറക്കുമതി മുൻവർഷത്തേക്കാൾ 16 ശതമാനം ഉയർന്ന് 527.21 ബില്യൺ ഡോളറിലെത്തി. ഇതോടെ ഏഴു മാസത്തെ ആകെ വ്യാപാര കമ്മി 218.15 ബില്യൺ ഡോളറായി രേഖപ്പെടുത്തി.

paytm

വാലറ്റ് ലൈസൻസിന് പേടിഎമ്മിന് ആർബിഐയുടെ പ്രാഥമിക അനുമതി; ഓഹരിവില റിക്കാർഡ് ഉയരത്തിൽ

മുംബൈ: പ്രീപെയ്ഡ് പേയ്മെൻറ് ഇൻസ്ട്രുമെൻറുകൾ (പിപിഐ), ഡിജിറ്റൽ വാലറ്റുകൾ എന്നിവ പുറത്തിറക്കുന്നതിന് പേടിഎമ്മിന്റെ ഉപസ്ഥാപനമായ 'പേടിഎം പേമെൻറ്സ് സർവീസസി'ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പ്രാഥമിക അനുമതി ലഭിച്ചു.

വിപണിയിൽ പേടിഎം ഓഹരികൾ കുതിച്ചുയർന്ന് എക്കാലത്തെയും ഉയർന്ന നിരക്കായ 1,960 രൂപയിലെത്തി. ആർബിഐയുടെ അന്തിമ അനുമതികൂടി ലഭിക്കുന്നതോടെ ഉപയോക്താക്കൾക്ക് വാലറ്റ് സേവനങ്ങൾ ഉൾപ്പടെയുള്ള പ്രീപെയ്ഡ് പേയ്മെൻറ് സൗകര്യങ്ങൾ വീണ്ടും ലഭ്യമാക്കാൻ സാധിക്കുമെന്ന് കമ്പനി സ്റ്റോക്ക് എക്സ്ചേഞ്ച് ഫയലിംഗിൽ വ്യക്തമാക്കി.

ചട്ടലംഘനങ്ങളും മേൽനോട്ടപരമായ വീഴ്ചകളും ചൂണ്ടിക്കാട്ടി രണ്ടു വർഷത്തിലധികം മുൻപാണ് പേടിഎം പേയ്മെൻറ്സ് ബാങ്കിൽ പുതിയ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതും വാലറ്റ് ടോപ്പ്അപ്പുകൾ നടത്തുന്നതും ആർബിഐ വിലക്കിയത്. ഇതോടെ കമ്പനിയുടെ സാധാരണ വാലറ്റ് പ്രവർത്തനങ്ങൾ പൂർണമായും സ്തംഭിച്ചിരുന്നു. തുടർന്ന് ഈ വർഷം ആദ്യം പേടിഎം പേയ്മെൻറ്സ് ബാങ്കിന്റെ ബാങ്കിംഗ് ലൈസൻസ് ആർബിഐ റദ്ദാക്കുകയും ചെയ്തു.

പേടിഎമ്മിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമായ പേടിഎം പേയ്മെൻറ്സ് സർവീസസ് വഴിയാണ് ഇപ്പോൾ വാലറ്റ് സേവനങ്ങൾ പുനരാരംഭിക്കാനുള്ള നീക്കം നടത്തുന്നത്.

കേന്ദ്ര ബാങ്കിന്റെ പ്രാഥമിക അംഗീകാരം ലഭിച്ചത് കമ്പനിയുടെ ഡിജിറ്റൽ പേയ്മെൻറ് ബിസിനസിന് വലിയ ഉണർവാണ് നൽകിയിരിക്കുന്നത്. അന്തിമ അനുമതിക്കായുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതോടെ ഉപയോക്താക്കൾക്ക് പഴയതുപോലെ പേടിഎം വാലറ്റ് സേവനങ്ങൾ ഉപയോഗിക്കാനാകും.

ICL
Join ICL, Grow with us
ICL Fincorp
*As Per EMI Scheme Basis *T&C Apply
ഗോൾഡ് ലോൺ @ 7.5* പൈസ
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

പെൻഷൻകാർക്ക് വീട്ടുപടിക്കൽ സേവനവുമായി ഇന്ത്യ പോസ്റ്റ് പേമെൻറ്സ് ബാങ്ക്

തിരുവനന്തപുരം: പെൻഷൻ ആൻഡ് പെൻഷനേഴ്സ് വെൽഫെയർ വകുപ്പ് സംഘടിപ്പിക്കുന്ന രാജ്യവ്യാപകമായ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് കാമ്പയിൻ 5.0ൽ ഇന്ത്യ പോസ്റ്റ് പേയ്മെൻറ്സ് ബാങ്കും പങ്കാളികളാകുന്നു. 30 വരെ രാജ്യത്തുടനീളമുള്ള 2000 ജില്ലകളിലും സബ് ജില്ലകളിലുമായാണ് ഈ കാമ്പയിൻ നടപ്പിലാക്കുന്നത്. വിദൂര പ്രദേശങ്ങളിൽ കഴിയുന്നവർ ഉൾപ്പടെയുള്ള എല്ലാ പെൻഷൻകാർക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ ഫേസ് ഓതൻറിക്കേഷൻ, ഫിംഗർപ്രിന്റ് ബയോമെട്രിക് ഓതൻറിക്കേഷൻ തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനും, മുതിർന്ന പൗരന്മാർക്ക് അവരുടെ വീടുകളിലോ അടുത്തുള്ള പോസ്റ്റ് ഓഫിസുകളിലോനിന്ന് തന്നെ സേവനം ലഭ്യമാക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന എല്ലാ പെൻഷൻകാർക്കും യാതൊരു ബുദ്ധിമുട്ടും കൂടാതെ തങ്ങളുടെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ ഡിഎൽസി കാമ്പയിൻ 5.0 സഹായിക്കും. ഇതിനായി ഇന്ത്യയിലെ ലക്ഷക്കണക്കിനു പോസ്റ്റ്മാന്മാരുടെയും ഗ്രാമീൺ ഡാക് സേവകരുടെയും സേവനം തപാൽ വകുപ്പും ഐപിപിബിയും പ്രയോജനപ്പെടുത്തുന്നുണ്ട്. പോസ്റ്റ് ഓഫീസുകൾ വഴിയോ, പെൻഷൻകാരുടെ വീട്ടുപടിക്കൽ എത്തിച്ചോ, അല്ലെങ്കിൽ പ്രത്യേക ഡിഎൽസി ക്യാമ്പുകൾ വഴിയോ ഈ സേവനം ലഭ്യമാക്കും. പെൻഷൻകാർക്ക് പോസ്റ്റ്മാൻ/ഗ്രാമീൺ ഡാക് സേവക് വഴിയോ അല്ലെങ്കിൽ അടുത്തുള്ള പോസ്റ്റ് ഓഫിസ് സന്ദർശിച്ചോ ഈ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. jeevanpramaan.gov.in/v1.0/ എന്ന വെബ്സൈറ്റിൽ സർട്ടിഫിക്കറ്റ് ഓൺലൈനായി കാണാൻ സാധിക്കും.

സൊസൈറ്റി ടുഡേ SOCIETY TODAY

ലക്ഷ്യം 28 ലക്ഷം കോടി രൂപയുടെ സമ്പദ്‌വ്യവസ്ഥ: ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ

കോട്ടയം: സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ നിലവിൽ 16 ലക്ഷം കോടി രൂപയുടേതാണെന്നും അടുത്ത അഞ്ചുവർഷം കൊണ്ട് 28 ലക്ഷം കോടി രൂപയായി ഉയർത്തുകയാണ് ലക്ഷ്യമെന്നും സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ കെ.എം. ചന്ദ്രശേഖരൻ. പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംസ്ഥാന ആസൂത്രണ ബോർഡ് സംഘടിപ്പിച്ച ജില്ലാതല ആശയ രൂപീകരണയോഗത്തിൽ ആമുഖ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

നിലവിലെ അഞ്ചു ശതമാനം സാമ്പത്തിക വളർച്ചാനിരക്ക് ഏഴു ശതമാനമായി ഉയർത്തണം. പതിനഞ്ചാം പദ്ധതി അടുത്ത അഞ്ചു വർഷത്തെ വികസനത്തിൽ ഒതുങ്ങുന്നതല്ല. 20 വർഷത്തെ കേരളത്തിന്റെ വികസനം മുന്നിൽക്കണ്ടുള്ള ദീർഘകാല കാഴ്ചപ്പാടാണ്. 20 വർഷം കൊണ്ട് സംസ്ഥാനത്തെ 134 ലക്ഷം കോടി രൂപയുടെ സമ്പദ്‌വ്യവസ്ഥയാക്കണം. ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പ്രവാസികളുടെയും സ്വകാര്യ സംരംഭകരുടെയും പങ്കാളിത്തം അനിവാര്യമാണ്.



ആദ്യമായാണ് പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ജില്ലകൾ കേന്ദ്രീകരിച്ച് വിപുലമായ കൂടിക്കാഴ്ചകൾ സംഘടിപ്പിക്കുന്നത്. ഓരോ ജില്ലയിലെയും പ്രശ്നങ്ങളും വികസന സാധ്യതകളും നേരിട്ട് മനസ്സിലാക്കുകയാണു ലക്ഷ്യം. ഇതിനകം എട്ടു ജില്ലകളിൽ സന്ദർശനം പൂർത്തിയാക്കി.

സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി ഏറെ വെല്ലുവിളികൾ നേരിടുന്നു. എന്നാൽ ഇതോടൊപ്പം വലിയ വികസനസാധ്യതകളുമുണ്ട്. ബാങ്ക് നിക്ഷേപം ഏകദേശം 11 ലക്ഷം കോടി രൂപയാണ്. പ്രതിവർഷം രണ്ടു ലക്ഷം കോടി രൂപയോളം പ്രവാസികളുടെ പണമയയ്ക്കലിലൂടെ സംസ്ഥാനത്തെത്തുന്നു. ആരോഗ്യവിദ്യാഭ്യാസ മേഖലകളിലെ നേട്ടങ്ങളും യുവജനങ്ങളുടെ കഴിവുകളും വലിയ സമ്പത്താണ്. ഈ സാധ്യതകളെ ഫലപ്രദമായി പ്രയോജനപ്പെടുത്തി സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുകയാണ് ലക്ഷ്യം.

സർക്കാരിന്റെ പരിമിതമായ സാമ്പത്തിക വിഭവങ്ങൾ മാത്രം വിനിയോഗിച്ച് ആവശ്യമായ വികസനം കൈവരിക്കാനാവില്ല. അതിനാൽ എല്ലാവരെയും ഉൾക്കൊള്ളുന്ന പങ്കാളിത്ത സമ്പദ് വ്യവസ്ഥയ്ക്ക് രൂപം നൽകാനാണ് ആസൂത്രണ ബോർഡ് ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ, പ്രവാസി മലയാളികൾ, സ്വകാര്യ സംരംഭകർ, കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ എന്നിവരെല്ലാം ഈ വികസന പങ്കാളിത്തത്തിന്റെ ഭാഗമാകണം.

കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികളിൽനിന്നും പരമാവധി സാമ്പത്തിക സഹായം നേടിയെടുക്കുന്നതിനും കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും കൂട്ടായ പരിശ്രമം ആവശ്യമാണ്. ഇതിനായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രവർത്തനരീതിയിലും ഘടനയിലും ആവശ്യമായ മാറ്റങ്ങൾ വരുത്തും.

ഓരോ ജില്ലയുടെയും വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആസൂത്രണ ബോർഡിലെ ഡിവിഷൻ മേധാവികൾക്ക് ജില്ലാ ചീഫുമാരുടെ ചുമതല നൽകിയിട്ടുണ്ട്. ഇവർ ജില്ലകളിലെ ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും നിരന്തരം ബന്ധപ്പെട്ടു വികസന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്യും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എംഎൽഎമാരും ഒരുമിച്ച് പ്രവർത്തിക്കുന്ന മണ്ഡലതല വികസന പരിപാടി തുടങ്ങാനാവണം. ഓരോ നിയമസഭാ മണ്ഡലത്തിലെയും വികസന സാധ്യതകൾ കണ്ടെത്തി അവയെ ഏകോപിപ്പിച്ചുള്ള പദ്ധതികൾ തയാറാക്കണം. ഓരോ പ്രദേശത്തും നിക്ഷേപത്തിന് താൽപ്പര്യമുള്ള വ്യക്തികളെയും പ്രവാസികളെയും തിരിച്ചറിയാൻ തദ്ദേശ ജനപ്രതിനിധികൾക്ക് സാധിക്കും.

ഓരോ വികസന പ്രവർത്തനവും വ്യക്തമായ പദ്ധതിയായി തയാറാക്കണം. പദ്ധതിയുടെ ലക്ഷ്യം, പൂർത്തീകരണത്തിനുള്ള സമയപരിധി, ലഭിക്കേണ്ട ഫലം, നിർവഹണത്തിന്റെ ഉത്തരവാദിത്വം, പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങൾ എന്നിവയ്ക്കായി സ്മാർട്ട് മാതൃകയാണ് സ്വീകരിക്കുന്നത്.

പദ്ധതി രൂപീകരണത്തിനും നിർവഹണത്തിനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട്, കേരള ഡിജിറ്റൽ സർവകലാശാല എന്നിവയുടെ സാങ്കേതിക സഹായം തേടുന്നുണ്ട്. നിലവിലെ പ്ലാൻ സ്പേസ് സോഫ്റ്റ് വെയർ കൂടുതൽ വികസിപ്പിച്ച് പദ്ധതികളുടെ ആസൂത്രണവും നിരീക്ഷണവും കാര്യക്ഷമമാക്കും.

തദ്ദേശസ്ഥാപനങ്ങൾക്ക് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനും ആസൂത്രണ ബോർഡ് ഒരു വിവരസഹായ കേന്ദ്രമായി പ്രവർത്തിക്കും. വിവിധ പഞ്ചായത്തുകളിലെ പദ്ധതികൾ സംയോജിപ്പിച്ച് വലിയ വികസന പദ്ധതികൾ രൂപീകരിക്കാനും ഇതിലൂടെ സാധിക്കും.

തൊഴിലില്ലായ്മ കുറയ്ക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കാർഷിക ഉൽപ്പാദനം വർധിപ്പിക്കുക, പ്രാദേശിക സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തുക എന്നിവയ്ക്കും പ്രത്യേക പരിഗണന നൽകണം.



കൊച്ചി മെട്രോ പിങ്ക് ലൈൻ സർവീസ് അടുത്ത വർഷം മുതൽ

കൊച്ചി: മെട്രോ രണ്ടാം ഘട്ടമായ പിങ്ക് ലൈൻ നിർമ്മാണം അതിവേഗത്തിൽ പൂർത്തിയാകുന്നു. അടുത്ത വർഷത്തോടെ ഓടിത്തുടങ്ങുമെന്നാണ് എഎംആർഎൽ വ്യക്തമാക്കുന്നത്.

2027 ഓഗസ്റ്റിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്ന കൊച്ചി മെട്രോ റെയിൽ രണ്ടാം ഘട്ടത്തിന്റെ ട്രാക്ക് നിർമാണം അടുത്ത ആഴ്ച ആരംഭിക്കും.റെയിലുകൾ തമ്മിൽ യോജിപ്പിക്കുന്നതിനുള്ള 'ഫ്ലാഷ് ബട്ട് വെൽഡിംഗ്' പ്രവർത്തനങ്ങളോടെയാണ് നിർമാണത്തിന് തുടക്കമാകുന്നത്.

കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്നും ആരംഭിച്ച് ഇൻഫോപാർക്ക് വഴി കാക്കനാട് വരെ 11.2 കിലോമീറ്റർ ദൈർഘ്യമുള്ളതാണ് പിങ്ക് ലൈൻ.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ജി പ്രിയങ്കയുടെ അധ്യക്ഷതയിൽ ബുധനാഴ്ച ചേർന്ന അവലോകന യോഗത്തിൽ പിങ്ക് ലൈൻ പദ്ധതിയുടെ പുരോഗതി വിശദമായി ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്തു.

കൊച്ചി മെട്രോ രണ്ടാം ഘട്ടത്തിനായി 13 കിലോമീറ്റർ ദൈർഘ്യമുള്ള ഡബിൾ ലൈൻ ട്രാക്കുകൾക്കുള്ള വയഡക്റ്റുകൾ (മേൽപ്പാല ഘടനകൾ) കെഎംആർഎൽ പൂർത്തിയാക്കി.

ബല്ലാസ്റ്റ്‌ലെസ് ട്രാക്ക് സംവിധാനത്തിന് ആവശ്യമായ 44 കിലോമീറ്ററോളം അഥവാ 2,700 മെട്രിക് ടൺ റെയിലുകൾ നിർമാണ സ്ഥലത്ത് എത്തിച്ചു. 18 മീറ്റർ ദൈർഘ്യമുള്ള 2,444 റെയിൽ ഭാഗങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്.

പദ്ധതിയുടെ എലിവേറ്റഡ് വയഡക്റ്റുകളുടെ നിർമാണം 70 ശതമാനം പൂർത്തിയായി. ഏതാണ്ട് 954 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ ഇതിനകം പൂർത്തിയായി.



കാബേജ്, കോളിഫ്ളവർ: കൃഷിയും പരിപാലനവും

കുറച്ചു വർഷങ്ങളായി കേരളത്തിൽ ശീതകാല പച്ചക്കറി വിളകളായ കാബേജ്, കോളിഫ്ളവർ, കാരറ്റ്, ബീറ്റ്റൂട്ട് എന്നിവ സമതലപ്രദേശങ്ങളിൽ വിജയകരമായി കൃഷി ചെയ്തു വരുന്നു.

ശൈത്യമേഖലകളായ വയനാട്, പാലക്കാടുള്ള നെല്ലിയാമ്പതി, ഇടുക്കിയിലെ കാന്തല്ലൂർ, വട്ടവട മേഖലകൾ എന്നിവയാണ് പരമ്പരാഗതമായി കേരളത്തിൽ ശീതകാല പച്ചക്കറികൾ കൃഷി ചെയ്യുന്ന സ്ഥലങ്ങൾ.

എന്നാൽ പങ്കാളിത്ത ഗവേഷണത്തിലൂടെ ഇവ മഞ്ഞുകാലം തുടങ്ങുന്ന സമയം മുതൽ കേരളത്തിലെ സമതല പ്രദേശങ്ങളിലും സമൃദ്ധമായി വളർത്തിയെടുക്കാമെന്ന് തെളിയിച്ചിട്ടുണ്ട്.

ഈ ശീതകാലപച്ചക്കറികൾ വളർത്തുന്നത് ഒരു പുതിയ കാർഷിക അനുഭവമായും പല കർഷകരും കരുതുന്നു.

ശക്തമായ കീടനാശിനികൾ ഉപയോഗിക്കപ്പെടുന്ന മറുനാടൻ കാബേജിനേയും കോളിഫ്ളവറിനേയും മാറ്റിനിർത്താവാൻ നമുക്ക് കിട്ടുന്ന സുവർണാവസരമാണ് ഈ സമയം എന്നു നമ്മൾ മനസിലാക്കണം.

കേരളത്തിലെ സാധാരണ കർഷകരും അടുക്കളതോട്ടം ഒരുക്കുന്നവരും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് 'ഗോൾഡൻ ഏക്കർ', 'പ്രൈഡ് ഓഫ് ഇന്ത്യ' എന്നീ ഇനങ്ങളാണ്.

ഇതിനുപുറമെ മികച്ച വിളവ് നൽകുന്ന ഹരി റാണി, രോഗപ്രതിരോധ ശേഷിയുള്ള പൂസ മുക്ത എന്നീ ഹൈബ്രിഡുകളും കേരളത്തിൽ വൻതോതിൽ കൃഷി ചെയ്യുന്നുണ്ട്.

കേരളത്തിലെ കാലാവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യമായി തെളിയിക്കപ്പെട്ടിട്ടുള്ളതും ഏറ്റവും ജനപ്രിയവുമായ ഇനം എൻ.എസ്. 60 ആണ്.

കുറഞ്ഞ ദിവസത്തിനുള്ളിൽ പാൽവെള്ള നിറമുള്ള വലിയ പൂക്കൾ തരുന്ന ഈ ഹൈബ്രിഡ് ഇനം കേരളത്തിലെ ചൂടിനെ അതിജീവിക്കാൻ ശേഷിയുള്ളതാണ്.



ഇത് കൂടാതെ ബസന്ത്, പൂസ ഏർലി സിന്തറ്റിക് എന്നിവയും കേരളത്തിലെ മണ്ണിൽ പരക്കെ കൃഷി ചെയ്യപ്പെടുന്നു.

വിത്തുകൾ പാകി, പാകമായ തൈകൾ പറിച്ചുനടേണ്ട വിളകളാണ് കാബേജും കോളിഫ്ളവറും. വിത്തുകൾ കടുക് മണികൾക്ക് സദൃശ്യം.

ആദ്യം നഴ്സറി തയാറാക്കി അവയിലാണ് കാബേജിൻറെയും കോളിഫ്ളവറിൻറെയും വിത്തുകൾ പാകേണ്ടത്. വിത്തുകൾ ഭാരം കുറഞ്ഞതായതുകൊണ്ട് ശക്തമായ മഴയിൽനിന്നും സംരക്ഷിക്കേണ്ടതുണ്ട്.

തുറസായ സ്ഥലത്തോ, ചട്ടികളിലോ, പ്ലാസ്റ്റിക് ട്രേ (പ്രോ ട്രേയ്സ്) കളിലോ തൈ പാകി നിർത്താവുന്നതാണ്. ട്രേകളിൽ തൈകൾ ഉണ്ടാക്കുകയാണെങ്കിൽ ആദ്യം അവ അണുവിമുക്തമാക്കണം.

പിന്നീട് അണുവിമുക്തമായ പിറ്റുെർമിക്കുലേറ്റ്മണൽ മിശ്രിതമോ അല്ലെങ്കിൽ പെർലൈറ്റ്ചകിരിച്ചോർ എന്നിവയോ ഉപയോഗിക്കാം. ഇങ്ങനെയുണ്ടാക്കിയെടുക്കുന്ന തൈകൾ കൂടുതൽ കരുത്തുള്ളവയും, മാറ്റിനട്ടാൽ വളരെ വേഗം വളർന്ന് വരുന്നവയും ആയിരിക്കും.

മണ്ണിലാണ് നാം വിത്തുകൾ പാകുന്നതെങ്കിൽ മണൽ, മേൽമണ്ണ്, ഉണക്കിപ്പൊടിച്ച കന്പോസ്റ്റ് എന്നിവ തുല്യ അനുപാതത്തിലെടുത്തു വേണം നടേണ്ടത്.

നടുന്നതിനു മുമ്പായി സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ എന്ന തോതിലോ അല്ലെങ്കിൽ ഫൈറ്റോലാൻ അഥവാ കോപ്പർ ഓക്സി ക്ലോറൈഡ് എന്ന കുമിൾനാശിനി 4 ഗ്രാം ഒരു ലീറ്റർ എന്ന കണക്കിലോ എടുത്ത് തടം കുതിർക്കണം.

കുമിൾനാശിനി ഒഴിച്ച് ഒരാഴ്ചയ്ക്കകം വിത്തുകൾ പാകാവുന്നതാണ്. 1 സെ.മീ ആഴത്തിൽ മാത്രമേ വിത്തുകൾ നടാവൂ. ആഴം കൂടിയാൽ വിത്തുകൾ മുളച്ച് വരുവാൻ താമസം നേരിടും. 25 മുതൽ 30 ദിവസം പ്രായമായ തൈകൾ മാറ്റി നടാവുന്നതാണ്.

നല്ല നീർവാഴ്ച്ചയും ധാരാളം സൂര്യപ്രകാശവുമുള്ള സ്ഥലങ്ങളാണ് നടാൻ അനുയോജ്യം. തണൽ ഉള്ള സ്ഥലങ്ങളിൽ നട്ടാൽ വളർന്നുവരുന്നതിന് കാലതാമസം നേരിടുകയും വളർച്ച കുറയുകയും ചെയ്യും.

ഒരടി വീതിയിലും ആവശ്യമായ നീളത്തിലും രണ്ടടി അകലത്തിൽ ചാലുകൾ കീറി അവയിൽ ഉണക്കിപ്പൊടിച്ച ചാണകപ്പൊടി സെൻറിന് 100 കിലോ ചേർത്ത് മൂടണം.

25-30 ദിവസം പ്രായമായ തൈകൾ ഇതിലേക്ക് മാറ്റി നടാവുന്നതാണ്. ഇങ്ങനെ മാറ്റി നട്ടതിനു ശേഷം ഒരാഴ്ചത്തേക്ക് തണൽ കുത്തിക്കൊടുക്കുന്നത് തൈകൾ എളുപ്പം പിടിച്ചു കിട്ടുന്നതിന് സഹായിക്കും. തനിവിളയായി ചെയ്യുമ്പോൾ ഒരു സെൻറിന് 150 ഓളം ചെടികൾ നടാം.

കാബേജ്, കോളിഫ്ളവർ കൃഷിയിൽ മികച്ച വിളവ് ലഭിക്കാൻ കൃത്യമായ വളപ്രയോഗം വേണം. ഈ വിളകൾക്ക് കേരള കാർഷിക സർവകലാശാല ശുപാർശ ചെയ്യുന്ന പ്രധാന ചജഗ നിരക്ക് ഹെക്ടറിന് 150:100:125 കിലോഗ്രാം എന്ന തോതിലാണ് (ഒരു സെൻറിന് ഏകദേശം 600ഗ്രാം നൈട്രജൻ, 400ഗ്രാം ഫോസ്ഫറസ്, 500ഗ്രാം പൊട്ടാസ്യം).

തൈകൾ നടുന്നതിന് മുൻപ് മണ്ണിൽ കുമ്മായവും ചാണകപ്പൊടിയും വേപ്പിൻപിണ്ണാക്കും അടിവളമായി ചേർത്ത് നിലമൊരുക്കണം. രാസവള കൃഷിയിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവ നൽകാൻ യൂറിയ, സൂപ്പർ ഫോസ്ഫേറ്റ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ പകുതി അടിവളമായും ബാക്കി പകുതി ചെടികൾ നട്ട് ഒരു മാസത്തിന് ശേഷവും നൽകാം.

ജൈവരീതിയിൽ വളർത്താൻ കടലപ്പിണ്ണാക്ക് സ്ലറിയും ഫിഷ് അമിനോയും മികച്ചതാണ്.

ഈ വിളകളെ പ്രധാനമായും ബാധിക്കുന്ന ബ്ലാക്ക് റോട്ട്, ലീഫ് സ്പോട്ട് തുടങ്ങിയ രോഗങ്ങളെയും, ഇലകൾ തിന്നുനശിപ്പിക്കുന്ന ഡയമണ്ട് ബാക്ക് മോത്ത്, വെട്ടിപ്പുഴുക്കൾ, നീരൂറ്റിക്കുടിക്കുന്ന അഫിഡുകൾ എന്നീ കീടങ്ങളെയും നിയന്ത്രിക്കാൻ കൃത്യമായ നിരീക്ഷണം വേണം.

വിത്ത് നടുന്നതിന് മുൻപ് സ്യൂഡോമോണാസ് പ്രയോഗിക്കുന്നതും കീടങ്ങൾക്കെതിരെ വേപ്പെണ്ണവെളുത്തുള്ളി മിശ്രിതം തളിക്കുന്നതും ജൈവരീതിയിൽ ചെടികളെ സംരക്ഷിക്കാൻ സഹായിക്കും. തൈകൾ മാറ്റി നട്ട് 60 70 ദിവസത്തിനുള്ളിൽ കാബേജ് 'ഡഹെഡുകൾ' ഉണ്ടായിത്തുടങ്ങും. കോളിഫ്ളവർ കർഡിന് (പൂക്കുല) പാകമാകാൻ 5560 ദിവസം മതി. ഉണ്ടായി തുടങ്ങി 1015 ദിവസത്തിനകം ഇവ വിളവെടുക്കുവാൻ തയാറാകുന്നതാണ്.

വിളവെടുപ്പ് വൈകിയാൽ ഇവ വിടർന്നു പോകും. കോളിഫ്ളവർ കർഡുകൾക്ക് നല്ല നിറം കിട്ടുന്നതിന് അവ ഉണ്ടായി തുടങ്ങിയാൽ ചുറ്റുമുള്ള ഇലകൾ കൊണ്ട് പൊതിഞ്ഞു കൊടുക്കാവുന്നതാണ്.

10 വർഷത്തിനിടെ ഉയർന്നവിലയിൽ കുരുമുളക്

ഇടുക്കിയിൽ 10 വർഷത്തിനിടെയുള്ള ഏറ്റവും വലിയ വിലയായ 750 രൂപയിൽ ചൊവ്വാഴ്ച കുരുമുളക് എത്തി. പ്രാദേശിക കമ്പോളത്തിൽ ചെറുകിടവ്യാപാരികളും സൊസൈറ്റികളും 748ന് കർഷകരോട് കുരുമുളക് വാങ്ങിയപ്പോൾ സ്റ്റോക്ക് വെപ്പുകാരും നേരിട്ട് കുരുമുളക് സംഭരിക്കുന്ന മസാല കമ്പനികളും 760 രൂപവരെ നൽകി കുരുമുളക് വാങ്ങി. വില കുതിച്ചതോടെ സംഭരിച്ച കർഷകർക്കും ഇടനിലക്കാർക്കും വലിയനേട്ടമാണ് ഉണ്ടായത്.

ഇടുക്കി ജില്ലയിലെ പ്രത്യേകിച്ച് ഹൈറേഞ്ച് മേഖലയിലെ കുരുമുളകിന് ഗുണമേന്മ അധികമാണ്. ലിറ്റർ വെയ്റ്റ് കൂടിയ (ഒരു ലിറ്റർ അളവുപാത്രത്തിലെടുക്കുന്ന കുരുമുളകിന്റെ തൂക്കം) കുരുമുളകിന് 2030 രൂപ വരെ കിലോയ്ക്ക് അധികം ലഭിക്കും. എന്നാൽ വില ഇനിയും ഉയരും എന്ന പ്രതീക്ഷയിൽ കർഷകരും സംഭരിച്ച വ്യാപാരികളും അധികം കുരുമുളക് കമ്പോളത്തിൽ എത്തിക്കുന്നില്ല. ഇതോടെ ലഭിച്ച ഓർഡറുകൾ നൽകാനാകാത്ത അവസ്ഥയും മൊത്ത വ്യാപാരികൾക്കുണ്ട്.



ഇടുക്കി കുരുമുളകിന് ഒൻപതു വർഷംമുൻപ് 700 രൂപയിലധികം ലഭിച്ചിരുന്നു. പിന്നീട് പലപ്പോഴായി വില കുത്തനെ ഇടിഞ്ഞു. കോവിഡ് ഒന്നാംതരംഗത്തിലാണ് വില കുത്തനെയിടിയുന്നത്. 250270 രൂപയായിരുന്നു അന്ന് വില. 2020 മാർച്ച് ഏപ്രിൽ മാസങ്ങളിൽ വീണ്ടും വില ഉയർന്ന് 400 420 രൂപ വരെയെത്തി. പിന്നീട് ഒമിക്രോൺ കോവിഡ് രണ്ടാംതരംഗത്തിൽ വിലയിടിഞ്ഞ് 370390 രൂപയിലെത്തി. 2021 ഒക്ടോബറിൽ വില വീണ്ടും ഉയർന്നുതുടങ്ങി. 2023 ജൂലായ് രണ്ടാംവാരം ഹൈറേഞ്ചിലെ കമ്പോളങ്ങളിൽ 490 രൂപയ്ക്ക് ശേഖരിച്ചിരുന്ന കുരുമുളക് ജൂലായ് 26 ആയപ്പോഴേക്കും 560 രൂപയ്ക്ക് വ്യാപാരികൾ ശേഖരിക്കാൻ തുടങ്ങി. പിന്നീട് വില നേരിയതോതിൽ ഉയരുകയായിരുന്നു.

സൊസൈറ്റി ടുഡേ SOCIETY TODAY

അഖിലേന്ത്യ അന്തർ സർവകലാശാല പഞ്ചഗുസ്തി മത്സരം

അഖിലേന്ത്യ അന്തർ സർവകലാശാല പഞ്ചഗുസ്തി മത്സരങ്ങൾ 2026 നവംബർ 16 മുതൽ ഇരുപതാം 20 ആം തീയതി വരെ ഉത്തർപ്രദേശ് മീററ്റിൽ ഉള്ള സ്വാമി വിവേകാനന്ദ സഭർത്തി യൂണിവേഴ്സിറ്റിയിൽ വച്ച് നടക്കുന്നതാണ്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും 16 അംഗ പുരുഷ ടീമും 15 അംഗ വനിതാ ടീമും മത്സരത്തിൽ പങ്കെടുക്കുന്നു. പുരുഷ വിഭാഗം മാനേജരായി സെന്റ് ആൽബർട്ട്സ് കോളേജിലെ ആന്റി ടി ജെ വനിതാ വിഭാഗം മാനേജരായി തിരുവല്ല മാർത്തോമാ കോളേജിലെ സ്വാതി കെ കെ യും പുരുഷ വിഭാഗം ടീം ക്യാപ്റ്റനായി മുവാറ്റുപുഴ നിർമല കോളേജിലെ ബിബിൻ എം ബിജു വനിതാ വിഭാഗം ക്യാപ്റ്റനായി കളമശ്ശേരി സെന്റ് പോൾസ് കോളേജിലെ മറിയ റോസ് ജോയി യെയും ഹെഡ് കോച്ചായി ജോജി എളൂർ, കോച്ചായി നോബി കെ എഫ് എന്നിവരെയും തിരഞ്ഞെടുത്തതായി എം ജി യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോക്ടർ ബിനു ജോർജ് അറിയിച്ചു.

സ്റ്റേറ്റ് ഓഫ് ദ മാപ്പ് കേരള 2026 സമ്മേളനം

കേരളത്തിൽ ഓപ്പൺ സ്ട്രീറ്റ് മാപ്പ് സാങ്കേതിക വിദ്യയുടെ സാധ്യതകൾ ചർച്ച ചെയ്യാൻ 'സ്റ്റേറ്റ് ഓഫ് ദ മാപ്പ് കേരള 2026' സമ്മേളനം നവംബർ 14, 15 തീയതികളിൽ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിൽ നടക്കും. ഓപ്പൺസ്ട്രീറ്റ്മാപ്പ് കേരള കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന സമ്മേളനത്തിൽ ദുരന്തനിവാരണം, നഗരാസൂത്രണം തുടങ്ങിയ മേഖലകളിലെ മാപ്പിംഗ് പ്രവർത്തനങ്ങൾ ചർച്ച ചെയ്യും. ഓപ്പൺ ജിയോസ്പേഷ്യൽ സാങ്കേതികവിദ്യകളെ അക്കാദമിക ഗവേഷണത്തോടും സാമൂഹിക വികസന പ്രവർത്തനങ്ങളോടും ബന്ധിപ്പിക്കുകയും കേരളത്തിലെ ഓപ്പൺ മാപ്പിംഗ് പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുകയും ചെയ്യുക എന്നതാണ് സമ്മേളനത്തിൻറെ പ്രധാന ലക്ഷ്യം. സമ്മേളനത്തിൻറെ വിശദാംശങ്ങൾക്കും പരിപാടികൾക്കും: https://kerala.stateofthenemap.in/ സന്ദർശിക്കുക

സൗജന്യ തൊഴിൽ മേള

എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ നവംബർ 28ന് സൗജന്യ തൊഴിൽ മേള നടത്തും. വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ 370ഓളം ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി നടത്തുന്ന മേളയിൽ എസ്.എസ്. എൽ.സി, പ്ലസ്ടു, ഡിഗ്രി, എംബിഎ കൂടാതെ മറ്റ് ഉയർന്ന യോഗ്യതയുള്ളവർക്കും പങ്കെടുക്കാം. താത്പര്യമുള്ളവർ നവംബർ 27ന് മുൻപ് https://shorturl.at/Ncvcg എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യണം. ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾ www.facebook.com/MCCKTM എന്ന ഫേസ്ബുക് പേജിൽ. ഫോൺ04812731025, 9495628626, 6282317660.

പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എംആർക്ക് (2024 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് ഡിസംബർ 1 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഡിസംബർ 2 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 3 വരെയും അപേക്ഷ സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ ബിപിഇഎസ് (നാലുവർഷ ഇൻറഗ്രേറ്റഡ് പ്രോഗ്രാം2019-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016-2018 അഡ്മിഷനുകൾ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ ഡിസംബർ 8 മുതൽ നടക്കും. നവംബർ 23 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 24 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 25 വരെയും അപേക്ഷ സ്വീകരിക്കും.

പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എംഎ, എംഎസ്.സി,എംകോം (പിജിസിഎസ്എസ്) (20202024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ നവംബർ 25 മുതൽ നടക്കും.
നവംബർ 17 മുതൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എംഎ, എംഎസ്.സി, എംകോം, എംഎസ്ഡബ്ലു, എംഎജെഎംസി, എം റ്റിറ്റിഎം, എംഎച്ച്എം, എംഎഫ്എ (പിജിസിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ എംഎൽഐഎസ്സി (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്)നവംബർ 2026 പരീക്ഷകൾ നവംബർ 25 മുതൽ നടക്കും.
അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ് (2014-16 അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2013 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ് ബിഎസ്.സി സൈബർ ഫോറൻസിക്ക് (2018 അഡ്മിഷൻ റീഅപ്പിയറൻസ്, 2014-2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ 7 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എംഎ സോഷ്യോളജി പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 20202024 അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും നവംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം.

എറണാകുളം എം.ജി റോഡ് നവീകരണത്തിന് 6 കോടി രൂപ

കൊച്ചി: എറണാകുളം നിയോജകമണ്ഡലത്തിലെ എം.ജി റോഡ് നവീകരണത്തിനും പേരണ്ടൂർ,വടുതല പാലത്തിന്റെ ഭാഗമായുള്ള ചിന്മയ ക്രോസ് റോഡ് വികസനത്തിനും ബജറ്റ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി സർക്കാർ അനുമതി ലഭിച്ചതായി ടി.ജെ. വിനോദ് എം.എൽ.എ അറിയിച്ചു. എം.ജി റോഡ് നവീകരണത്തിന് 6 കോടി രൂപയും ചിന്മയ ക്രോസ് റോഡ് വികസനത്തിന് ആവശ്യമായ സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെ 5 കോടി രൂപയുമാണ് അനുവദിച്ചിരിക്കുന്നത്.

എം.ജി റോഡിൽ മാധവ ഫാർമസി ജംഗ്ഷൻ മുതൽ തേവര വരെയുള്ള ഭാഗത്താണ് നവീകരണത്തിന്റെ ഭാഗമായി ടാറിങ് നടത്തുന്നത്. നിലവിൽ തകരാറിലായിക്കിടക്കുന്ന ഒരു ക്രോസ് ഡ്രെയിൻ ഉൾപ്പെടെ പദ്ധതിയുടെ ഭാഗമായി പുനർനിർമ്മിക്കും. റോഡിന്റെ ഗതാഗതയോഗ്യത മെച്ചപ്പെടുത്തുന്നതിനും യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമാണ് നവീകരണത്തിലൂടെ ലക്ഷ്യമിടുന്നത്.

എന്നാൽ എം.ജി റോഡിലെ കാനകളുടെ ചരിവ് പലയിടങ്ങളിലും കൃത്യമല്ലാത്തതാണ് വെള്ളക്കെട്ടിന്റെ പ്രധാന കാരണം. കാനകളുടെ ചരിവ് ശാസ്ത്രീയമായി ക്രമീകരിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതിനും ഫുട്പാത്ത് ഉൾപ്പെടെ എം.ജി റോഡിന്റെ സമഗ്രമായ വികസനത്തിനുമായി 20 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം മുഖേന തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ കൂടി നടപ്പിലാക്കുന്നതിലൂടെ എം.ജി റോഡിലെ വെള്ളക്കെട്ട് പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ടി.ജെ. വിനോദ് എം.എൽ.എ പറഞ്ഞു. പേരണ്ടൂർ-വടുതല പാലത്തിന്റെ അപ്രോച്ച് റോഡായി ആദ്യം നിശ്ചയിച്ചിരുന്നത് സ്വാഗതം റോഡായിരുന്നു. എന്നാൽ റോഡിന്റെ വീതി കുറവായതിനാൽ പാലം യാഥാർഥ്യമാകുന്നതോടെ ഗതാഗതക്കുരുക്ക് രൂക്ഷമാകുമെന്ന പ്രദേശവാസികളുടെ പരാതിയും ആശങ്കയും പരിഗണിച്ചാണ് സ്വാഗതം റോഡിന് പകരം ചിന്മയ ക്രോസ് റോഡ് തിരഞ്ഞെടുക്കാൻ തീരുമാനിച്ചത്. ചിന്മയ ക്രോസ് റോഡിന്റെ വികസനത്തിനാവശ്യമായ സ്ഥലമേറ്റെടുക്കലും റോഡ് നിർമ്മാണത്തിനും ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കുമായാണ് 5 കോടി രൂപ അനുവദിച്ചിരിക്കുന്നത്. ഇതോടെ പേരണ്ടൂർ-വടുതല പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനും പ്രദേശത്തെ ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്താനും സാധിക്കുമെന്ന് ടി.ജെ. വിനോദ് എം.എൽ.എ അറിയിച്ചു.

എറണാകുളം നഗരത്തിലെ പ്രധാന ഗതാഗതപാതകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ദീർഘകാലമായി നിലനിൽക്കുന്ന വെള്ളക്കെട്ട്, ഗതാഗതക്കുരുക്ക് തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമുള്ള ഇടപെടലുകളുടെ ഭാഗമായാണ് ഈ പദ്ധതികൾക്ക് ബജറ്റ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിരിക്കുന്നതെന്നും ടി.ജെ. വിനോദ് വ്യക്തമാക്കി.

എവർ ഷൈൻ വിഷനുമായി കണിയാമ്പറ്റ പഞ്ചായത്ത്

ബത്തേരി: ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായി കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിനെ മാറ്റുകയെന്ന ലക്ഷ്യത്തോടെ എവർ ഷൈൻ കണിയാമ്പറ്റ2030 പദ്ധതിക്ക് തുടക്കമാവുന്നു. അടുത്ത അഞ്ച് വർഷത്തിനകം ഗ്രാമപഞ്ചായത്തിലെ കല്ലഞ്ചിറ ചെക്ക് ഡാം, മുളപറമ്പത്ത് കനാൽ, പനങ്കണ്ടി പൊതുനീന്തൽക്കുളം, താഴെ വരദൂരിൽ കുട്ടികളുടെ ഹാപ്പിനസ് പാർക്ക്, ചിറ്റൂർ ട്രൈബ്സ് മ്യൂസിയം, അമ്പലക്കുന്നിൽ വിത്ത് സംഭരണസംസ്കരണ കേന്ദ്രം, വയനാട് കോഫി പദ്ധതി, ചീക്കല്ലൂരിൽ എയർ സ്ട്രിപ്പ് തുടങ്ങി ഒൻപത് പ്രധാന സ്ഥലങ്ങളെ വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി വികസിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യം. വിനോദസഞ്ചാരം, കാർഷികം, പൈതൃക സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, വ്യോമഗതാഗതം തുടങ്ങിയ മേഖലകളെ ബന്ധിപ്പിച്ച് പദ്ധതികൾ നടപ്പാക്കുമെന്ന് കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.വി. യൂസഫ് പറഞ്ഞു.

കല്ലഞ്ചിറ ചെക്ക് ഡാമിനെ പ്രധാന വിനോദസഞ്ചാര കേന്ദ്രമാക്കി വികസിപ്പിക്കുകയയാണ് പ്രധാന പദ്ധതി. ബോട്ടിങ്, കയാക്കിങ് സൗകര്യങ്ങൾക്കൊപ്പം സായാഹ്ന സഞ്ചാരത്തിന് ഉതകുന്ന നടപ്പാതകൾ, ഇരിപ്പിടങ്ങൾ, കുട്ടികളുടെ പാർക്ക് എന്നിവയും ഒരുക്കും. മുളപറമ്പത്ത് കനാൽ പ്രദേശത്ത് കുട്ടികളുടെ പാർക്ക്, ഓപ്പൺ ജിമ്മ് എന്നിവ സ്ഥാപിക്കും. നടപ്പാതകൾ, വിശ്രമ ബെഞ്ചുകൾ, പൂന്തോട്ടങ്ങൾ, തണൽമരങ്ങൾ, സോളാർ ലൈറ്റുകൾ എന്നിവ ഒരുക്കി പ്രദേശം വിനോദത്തിനും വ്യായാമത്തിനും അനുയോജ്യമാക്കും. പനങ്കണ്ടിയിലെ പൊതുനീന്തൽക്കുളം സൗന്ദര്യവത്കരിക്കും. കുട്ടികൾക്കും യുവാക്കൾക്കും നീന്തൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം കഫറ്റീരിയ ഉൾപ്പെടെയുള്ള സംരംഭങ്ങളിലൂടെ പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നുണ്ട്.



കാവടംചീക്കല്ലൂർ അപ്രോച്ച് റോഡ് നവീകരിച്ച് യാത്രാസൗകര്യം മെച്ചപ്പെടുത്തും. റോഡ് വീതികൂട്ടൽ, ഇന്റർലോക്ക് പാകൽ, നടപ്പാതകൾ, വിശ്രമ ബെഞ്ചുകൾ, സോളാർ തെരുവുവിളക്കുകൾ, തണൽമരങ്ങളും പൂച്ചെടികളും നട്ടുപിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലുൾപ്പെടുത്തി താഴെ വരദൂരിൽ കുട്ടികൾക്കായി ഹാപ്പിനസ് പാർക്ക് സജ്ജീകരിച്ച് ആധുനിക കളിയുപകരണങ്ങൾ, സുരക്ഷിതമായ കളിസ്ഥലം, കലാവേദി, പൂന്തോട്ടം, നടപ്പാതകൾ, കുടിവെള്ളം, ശുചിമുറി തുടങ്ങിയ സൗകര്യങ്ങൾ പാർക്കിൽ ഒരുക്കും. ജില്ലയുടെ ഗോത്ര പൈതൃകവും തനത് സംസ്കാരവും സംരക്ഷിച്ച് പൊതുജനങ്ങൾക്ക് പരിചയപ്പെടുത്താൻ ചിറ്റൂർ ട്രൈബ്സ് മ്യൂസിയം വികസിപ്പിക്കും. ഗോത്രവർഗ കലകൾ, പരമ്പരാഗത വാദ്യോപകരണങ്ങൾ എന്നിവ പരിചയപ്പെടുത്തുകയാണ് മ്യൂസിയത്തിലൂടെ ലക്ഷ്യമാക്കുന്നത്.

കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, തൈ എന്നിവ ലഭ്യമാക്കുന്നതിന് അമ്പലക്കുന്നിൽ വിത്ത് സംഭരണ സംസ്കരണ കേന്ദ്രം വികസിപ്പിക്കും. തൊണ്ടി, രക്തശാലി, ഗന്ധകശാലി തുടങ്ങിയ പരമ്പരാഗത നെൽവിത്തുകൾ സംരക്ഷിക്കാൻ വിത്തുകൾ ശാസ്ത്രീയമായി സംഭരിച്ച് ഗുണനിലവാരം ഉറപ്പാക്കൻ പദ്ധതി ലക്ഷ്യമിടുന്നു. കാർഷിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വയനാടൻ കാപ്പിയുടെ വിപണിമൂല്യം വർധിപ്പിച്ച് കർഷകരുടെ വരുമാനം മെച്ചപ്പെടുത്താൻ വയനാട് കോഫി പദ്ധതിയിലൂടെ സാധ്യതകൾ ഒരുക്കും. ജില്ലയുടെ വ്യോമഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ചീക്കല്ലൂരിൽ എയർ സ്ട്രിപ്പും വികസിപ്പിക്കും. വിനോദ സഞ്ചാരത്തിന് കൂടുതൽ സാധ്യതകൾ തുറക്കുന്നതിനൊപ്പം പ്രകൃതി ദുരന്തങ്ങളിലും ആരോഗ്യ അടിയന്തര സാഹചര്യങ്ങളിലും എയർ ആംബുലൻസ്, ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവയ്ക്കും സൗകര്യം പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യമിടുന്നതെന്നും പഞ്ചായത്ത് അധികൃതർ വ്യക്തമാക്കി. പദ്ധതികൾ യാഥാർത്ഥ്യമാകുന്നതോടെ കണിയാമ്പറ്റയുടെ വിനോദസഞ്ചാര മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്താനും പ്രദേശത്തിന്റെ ആകർഷണീയത വർധിപ്പിക്കാനും സാധിക്കുമെന്നാണ് പ്രതീക്ഷ.

സൊസൈറ്റി ടുഡേ SOCIETY TODAY



കിംസ് ഹെൽത്തിലെ 'ഡാവിഞ്ചി എക്സ്ഐ' റോബോട്ടിക് സർജറി സംവിധാനത്തിന്റെ ഉദ്ഘാടനം ഷാൻ റഹ്മാൻ നിർവഹിക്കുന്നു. കിംസ്ഹെൽത്ത് യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റും കോഓർഡിനേറ്ററുമായ ഡോ. റെനു തോമസ് , കിംസ്ഹെൽത്ത് ട്രാൻപ്ലാന്റ് സർവീസസ് ഡയറക്ടറും ഹെപ്പറ്റോബിലിയറി പാൻക്രിയാറ്റിക് ആൻഡ് ലിവർ ട്രാൻസ്പ്ലാന്റ് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റുമായ ഡോ. ഷബീർ അലി ടി യു, കിംസ്ഹെൽത്ത് യൂറോഓൺകോളജി ആൻഡ് റോബോട്ടിക് സർജൻ ഡോ. നസറെത്ത് സോളമൻ, കിംസ് ഹെൽത്ത് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം. ഐ. സഹദുള്ള, ആസ്റ്റർ ഡി.എം. കാളിറ്റി കെയർ ഇന്ത്യ 3 ക്ലസ്റ്റർ സിഇഒ വിശാൽ മഹേശ്വരി എന്നിവർ സമീപം.

കിംസ് ഹെൽത്തിൽ ഡാവിഞ്ചി എക്സ്ഐ റോബോട്ടിക് സർജറി സംവിധാനം ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: അത്യാധുനിക 'ഡാവിഞ്ചി എക്സ്ഐ' റോബോട്ടിക് സർജറി സംവിധാനം ഉദ്ഘാടനം ചെയ്ത് നിർണ്ണായക ചുവടുവെപ്പുമായി കിംസ് ഹെൽത്ത്. സംഗീത സംവിധായകനും ഗായകനുമായ ഷാൻ റഹ്മാൻ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കിംസ് ഹെൽത്ത് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം. ഐ. സഹദുള്ള ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ആസ്റ്റർ ഡി.എം. കാളിറ്റി കെയർ ഇന്ത്യ 3 ക്ലസ്റ്റർ സിഇഒ വിശാൽ മഹേശ്വരി മുഖ്യപ്രഭാഷണം നടത്തി.

ചെറിയ മുറിവുകളിലൂടെ അതിസൂക്ഷ്മവും സങ്കീർണ്ണവുമായ ശസ്ത്രക്രിയകൾ കൂടുതൽ കൃത്യതയോടെ ചെയ്യാൻ ഡോക്ടർമാരെ സഹായിക്കുന്ന 'മിനിമലി ഇൻവേസീവ്' (കീഹോൾ) ശസ്ത്രക്രിയാ രീതിയാണ് റോബോട്ടിക് സർജറി. റോബോട്ടിക് സാങ്കേതികവിദ്യയും ശസ്ത്രക്രിയാ വിദഗ്ധന്റെ വൈദഗ്ധ്യവും ഒത്തുചേരുന്നതിലൂടെ വേദന, രക്തനഷ്ടം, അണുബാധയ്ക്കുള്ള സാധ്യത, ആശുപത്രിവാസം എന്നിവ കുറയ്ക്കുക, വളരെ ചെറിയ മുറിവുകൾ, വേഗത്തിൽ സുഖം പ്രാപിക്കുക പോലുള്ളവയും രോഗികൾക്ക് ഈ സംവിധാനം വഴി സാധ്യമാകുന്നു. യൂറോളജി, ഗൈനക്കോളജി, സർജിക്കൽ ഓങ്കോളജി, ജനറൽ സർജറി, ഇ.എൻ.ടി തുടങ്ങി വിവിധ വിഭാഗങ്ങളിലെ ചികിത്സകൾക്ക് ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടും.

'ആധുനിക ആരോഗ്യപരിപാലന രംഗത്ത് റോബോട്ടിക് ശസ്ത്രക്രിയ പുതിയ സാധ്യതകൾ തുറന്നുനൽകുന്നു. ലോകോത്തര നിലവാരമുള്ള ശസ്ത്രക്രിയാ സൗകര്യങ്ങളും ഏറ്റവും പുതിയ ചികിത്സാ രീതികളും രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള കിംസ് ഹെൽത്തിന്റെ പ്രതിബദ്ധതയാണ് ഈ നൂതന സാങ്കേതികവിദ്യയിലൂടെ പ്രതിഫലിക്കുന്നത്. ഇതുവരെ 100 റോബോട്ടിക് ശസ്ത്രക്രിയകൾ പൂർത്തിയാക്കാൻ കിംസ് ഹെൽത്തിന് സാധിച്ചിട്ടുണ്ട്.' അധ്യക്ഷ പ്രസംഗത്തിൽ കിംസ് ഹെൽത്ത് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. സഹദുള്ള പറഞ്ഞു.

'ജീവിതത്തിന്റെ എല്ലാ മേഖലകളെയും സാങ്കേതികവിദ്യ വൻമാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നൂതന ആശയങ്ങളെ സ്വീകരിക്കുന്നതിനും, അത്യാധുനിക ശസ്ത്രക്രിയാ സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ രോഗികളിലേക്ക് എത്തിക്കുന്നതിനുമുള്ള തങ്ങളുടെ പ്രതിബദ്ധത വെളിപ്പെടുത്തുന്ന 'ഡാ വിഞ്ചി റോബോട്ടിക് സർജറി സംവിധാനം' അവതരിപ്പിച്ചതിന് കിംസ് ഹെൽത്ത് ഏറെ അഭിനന്ദനം അർഹിക്കുന്നു.' ഉദ്ഘാടന പ്രസംഗത്തിൽ ഷാൻ റഹ്മാൻ പറഞ്ഞു.

'ആരോഗ്യമേഖലയ്ക്ക് എപ്പോഴും പരിചരണവും അനുകമ്പയുമാണ് ആവശ്യമാണ്. വെറും നാല് മാസത്തിനുള്ളിൽ 100 റോബോട്ടിക് ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കിയത് മെഡിക്കൽ സംഘത്തെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനാർഹമായ കാര്യമാണ്. 39 ആശുപത്രികളുടെ ശൃംഖലയിലുടനീളം 10 ഡാവിഞ്ചി റോബോട്ടുകളും അതിൽ ആറെണ്ണം നൂതന എക്സ്ഐ മോഡലുകളുമാണ്.' ആസ്റ്റർ ഡി.എം. കാളിറ്റി കെയർ ഇന്ത്യ 3 ക്ലസ്റ്റർ സിഇഒ വിശാൽ മഹേശ്വരി പറഞ്ഞു.

കിംസ്ഹെൽത്ത് യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റും കോഓർഡിനേറ്ററുമായ ഡോ. റെനു തോമസ് സ്വാഗതം ആശംസിച്ചു. കിംസ്ഹെൽത്ത് യൂറോഓൺകോളജി ആൻഡ് റോബോട്ടിക് സർജൻ ഡോ. നസറെത്ത് സോളമൻ 'ഡാവിഞ്ചി എക്സ്ഐ' റോബോട്ടിക് സർജറി സംവിധാനത്തെക്കുറിച്ച് വിശദീകരിച്ചു. കിംസ്ഹെൽത്ത് ട്രാൻപ്ലാന്റ് സർവീസസ് ഡയറക്ടറും ഹെപ്പറ്റോബിലിയറി പാൻക്രിയാറ്റിക് ആൻഡ് ലിവർ ട്രാൻസ്പ്ലാന്റ് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റുമായ ഡോ. ഷബീർ അലി ടി യു നന്ദി രേഖപ്പെടുത്തി.



റീസൈക്കൽ പ്ലാറ്റ്ഫോമുമായി പങ്കാളിത്തം പ്രഖ്യാപിക്കുന്ന ചടങ്ങിൽ സച്ചിൻ ടെണ്ടുൽക്കർക്കൊപ്പം പ്രവർത്തകർ.

മാലിന്യസംസ്കരണ ശീലം വളർത്താൻ സച്ചിൻ ടെണ്ടുൽക്കറുടെ പങ്കാളിത്തം

കൊച്ചി: ഉത്തരവാദിത്ത മാലിന്യ സംസ്കരണം ഒരു ദേശീയ ശീലമാക്കി മാറ്റുക എന്ന ലക്ഷ്യത്തിന് കരുത്തുപകരാനായി ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കർ 'റീസൈക്കൽ' എന്ന ഇന്ത്യയിലെ മുൻനിര സാങ്കേതിക പ്ലാറ്റ്ഫോമുമായി പങ്കാളിത്തം പ്രഖ്യാപിച്ചു.

രാജ്യത്ത് മാലിന്യ സംസ്കരണശീലങ്ങൾ വളർത്തിയെടുക്കുന്നതിനും സർക്കുലർ ഇക്കോണമി നേടുന്നതിനുമായി രൂപംകൊണ്ട ഇന്ത്യയിലെ മുൻനിര സാങ്കേതിക പ്ലാറ്റ്ഫോമാണ് റീസൈക്കൽ.

രാജ്യം ഇന്ന് നേരിടുന്ന മാലിന്യ പ്രശ്നം അടിസ്ഥാനപരമായി ജനങ്ങളുടെ പെരുമാറ്റരീതികളിൽ മാറ്റം വരുത്തേണ്ടതുമായി ബന്ധപ്പെട്ട ഒന്നാണ്. റീസൈക്കൽ അടുത്തിടെ സമാഹരിച്ച 23 ദശലക്ഷം യുഎസ്

ഡോളർ നിക്ഷേപത്തിന്റെ തുടർച്ചയായാണ് ഈ സഹകരണം സാധ്യമാകുന്നത്. മാലിന്യത്തെ വെറുമൊരു പാഴ്വസ്തു എന്നതിലുപരി, വീണ്ടെടുക്കാനും പുനരുപയോഗിക്കാനും കഴിയുന്ന ഒരു വിലപ്പെട്ട വിഭവമായി കാണാൻ ഓരോ പൗരനെയും പ്രേരിപ്പിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. രാജ്യത്തെ ജനങ്ങളുടെ ചിന്താഗതിയിൽ സമൂലമാറ്റം കൊണ്ടുവരാനും കൂട്ടുകെട്ട് സഹായിക്കും.

തന്റെ കരിയറിലുടനീളം അച്ചടക്കവും നിരന്തരമായ പരിശ്രമവുമാണ് ശാശ്വതമായ വിജയത്തിന് അടിസ്ഥാനമെന്ന് താൻ മനസിലാക്കിയിട്ടുണ്ടെന്നും കൂടുതൽ വ്യത്തിയുള്ള ഒരു ഇന്ത്യ കെട്ടിപ്പടുക്കുന്ന

കാര്യത്തിൽ ഇത് സാധ്യമാണെന്നും സഹകരണത്തെക്കുറിച്ച് സംസാരിക്കവെ, റീസൈക്കലിലെ തന്ത്രപ്രധാന നിക്ഷേപകനായ സച്ചിൻ ടെണ്ടുൽക്കർ പറഞ്ഞു.

'ഒരു ബില്യൺ ജനങ്ങൾക്കിടയിൽ പെരുമാറ്റ മാറ്റം കൊണ്ടുവരാൻ സാങ്കേതികവിദ്യ ഉപയോഗിക്കുക എന്ന റീസൈക്കലിന്റെ ദൗത്യം എന്നെ വളരെയധികം

സ്വാധീനിച്ചു. ഉത്തരവാദിത്തത്തോടെയുള്ള തീരുമാനങ്ങൾ എടുക്കാൻ കൂടുതൽ ആളുകളെ പ്രേരിപ്പിക്കാൻ സഹകരണത്തിലൂടെ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു'അദ്ദേഹം കൂട്ടിച്ചേർത്തു.

സച്ചിനുമായുള്ള ഈ സഹകരണത്തിലൂടെ മാലിന്യം തിരികെ നൽകുക, ഉത്തരവാദിത്തത്തോടെ പുനരുപയോഗം ചെയ്യുക, സർക്കുലർ ഇക്കോണമിയിൽ പങ്കാളികളാവുക എന്നിവ ഓരോ ഇന്ത്യക്കാരന്റെയും

ജീവിതശൈലിയുടെ ഭാഗമാക്കി മാറ്റാൻ റീസൈക്കൽ ലക്ഷ്യമിടുന്നതായി സി.ഇ.ഒയും സഹസ്ഥാപകനുമായ അഭയ് ദേശ്പാണ്ഡെ പറഞ്ഞു

കുട്ടികൾക്ക് സ്നേഹത്തിന്റെയും ആരോഗ്യത്തിന്റെയും സമ്മാനവുമായി ആസ്റ്റർ മെഡ്സിറ്റിയുടെ ശിശുദിനാഘോഷം

കൊച്ചി: അട്ടപ്പാടി എ.പി.ജെ. അബ്ദുൽ കലാം ഇന്റർനാഷണൽ റസിഡൻഷ്യൽ ട്രൈബൽ സ്കൂളിലെ വിദ്യാർത്ഥികൾക്കൊപ്പം വിപുലമായ ശിശുദിനാഘോഷം സംഘടിപ്പിച്ച് ആസ്റ്റർ മെഡ്സിറ്റി. 'ചാച്ചാജിക്കൊപ്പം നാളെയുടെ പ്രതീക്ഷകൾ' എന്ന പേരിൽ നടന്ന പരിപാടിൽ പ്രമുഖ സാമൂഹിക പ്രവർത്തകയും ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്റർ സ്ഥാപകയുമായ ഉമാ പ്രേമൻ മുഖ്യാതിഥിയായി പങ്കെടുത്തു. സമൂഹത്തിനായി നൽകിയ സേവനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പ്രശസ്തയായ ഉമാ പ്രേമനെ ചടങ്ങിൽ വെച്ച് ആദരിക്കുകയും ചെയ്തു.

അട്ടപ്പാടിയിലെ ട്രൈബൽ സ്കൂളിൽ നിന്നും എത്തിയ 7, 8, 9 ക്ലാസുകളിലെ വിദ്യാർത്ഥികളും അധ്യാപകരുമടങ്ങുന്ന 31 അംഗസംഘമാണ് ആസ്റ്റർ മെഡ്സിറ്റി സന്ദർശിച്ചത്. കുട്ടികളെ അവരുടെ പ്രിയ കാർട്ടൂൺ കഥാപാത്രങ്ങളുടെ അകമ്പടിയോടെ ചാച്ചാജിയുടെ തൊപ്പികൾ അണിയിച്ചാണ് വരവേറ്റത്. ആശുപത്രിയുടെ പ്രവർത്തനം നേരിട്ട് മനസിലാക്കുകയും ഹൗസ് ബോട്ട് വിനോദയാത്രയും ഉൾപ്പെടെ കുട്ടികൾക്കായി ഒരുക്കിയിരുന്നു. കുട്ടികൾക്കായി ലഹരിമുക്ത ബോധവത്കരണം, മാനസികാരോഗ്യ ബോധവൽക്കരണം ഒപ്പം സൗജന്യ ആരോഗ്യ പരിശോധന എന്നിവയും നടത്തി.

ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. ടി.ആർ. ജോൺ, പീഡിയാട്രിക്സ് & നിയോനാറ്റോളജി സീനിയർ കൺസൾട്ടന്റ് ഡോ. ജീസൺ സി. ഉണ്ണി, മെഡിക്കൽ സർവീസസ് അസിസ്റ്റന്റ് ചീഫുമാരായ ഡോ. നിമിത കെ. മോഹൻ, ഡോ. സുബിരാജ് എൻ., കേരള ക്ലസ്റ്റർ പി.ആർ & മീഡിയ റിലേഷൻസ് ഹെഡ് ശരത് കുമാർ ടി.എസ്, ബ്രാൻഡിങ് ഹെഡ് ജയേഷ് കുമരൻ എന്നിവരും ചടങ്ങിന്റെ ഭാഗമായി. കുട്ടികളുടെ സർഗ്ഗാത്മകതയും ആരോഗ്യവും മുൻനിർത്തി സംഘടിപ്പിച്ച ഈ പരിപാടി ആസ്റ്റർ മെഡ്സിറ്റിയുടെ ശിശുദിനാഘോഷങ്ങൾക്ക് മാറ്റുകൂട്ടി.





ചൈതന്യ ഐ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ പ്രശസ്തവുമായ ചൈതന്യ വൺ, ജോൺസൺ ആൻഡ് ജോൺസൺ വിഷന്റെ നൂതന ലേസർ വിഷൻ കറക്ഷൻ സാങ്കേതികവിദ്യയായ എലിറ്റ സിൽക്ക് കേരളത്തിൽ അവതരിപ്പിക്കുന്നു. തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നടന്ന ചടങ്ങ് ശശി തരൂർ എം.പി ഉദ്ഘാടനം നിർവഹിക്കുന്നു. ചടങ്ങിൽ ചൈതന്യ വൺ മാനേജിംഗ് പാർട്ണറും സി.ഇ.ഒയും സി.എം.ഒയുമായ ഡോ. ഉണ്ണികൃഷ്ണൻ നായർ, പാർട്ണറും ഹെൽത്ത്കെയർ പ്രൊമോഷൻസ് ഡയറക്ടറുമായ ഡോ. അനിൽ കൃഷ്ണൻ നായർ എന്നിവർ.

സിൽക് നേത്രചികിത്സാരീതി കേരളത്തിൽ ആദ്യമായി അവതരിപ്പിച്ച് ചൈതന്യ വൺ

തിരുവനന്തപുരം/കൊച്ചി: കാഴ്ച വൈകല്യങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ലേസർ വിഷൻ കറക്ഷൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സിൽക് നേത്രചികിത്സാരീതി കേരളത്തിൽ ആദ്യമായി അവതരിപ്പിച്ച് ചൈതന്യ ഐ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ചൈതന്യ വൺ. കാഴ്ചവൈകല്യങ്ങളുള്ളവർക്ക് കണ്ണടയില്ലാതെ തന്നെ വ്യക്തമായ കാഴ്ച നേടാൻ സഹായിക്കുന്ന നൂതന ശസ്ത്രക്രിയയാണിത്.

തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ശശി തരൂർ എംപി പുതിയ ചികിത്സാ സംവിധാനം ഉദ്ഘാടനം ചെയ്തു. ചൈതന്യ വൺ മാനേജിങ് പാർട്ണറും സിഇഒയും സിഎംഒയുമായ ഡോ. ഉണ്ണികൃഷ്ണൻ നായർ, പാർട്ണറും ഡയറക്ടറുമായ (ഹെൽത്ത്കെയർ പ്രൊമോഷൻസ്) ഡോ. അനിൽ കൃഷ്ണൻ നായർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി 13 നേത്രാശുപത്രികളുടെ ശൃംഖലയുള്ള കേരളത്തിലെ നേത്ര ചികിത്സാ രംഗത്ത് മുൻനിരയിലുള്ള സ്ഥാപനമായ ചൈതന്യ വണ്ണിന്റെ മുപ്പത്തിയൊന്നാം വാർഷികത്തോടനുബന്ധിച്ചാണ് അത്യാധുനിക ചികിത്സാ സംവിധാനം കേരളത്തിലെ രോഗികൾക്കായി ലഭ്യമാക്കിയിരിക്കുന്നത്. അന്താരാഷ്ട്ര കമ്പനിയായ ജോൺസൺ ആൻഡ് ജോൺസൺ വിഷൻ വികസിപ്പിച്ചെടുത്ത, ലേസർ വിഷൻ കറക്ഷൻ രംഗത്തെ ലോകോത്തര ചികിത്സയാണ് സിൽക്.

കാഴ്ചവൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള പുതുതലമുറ സാങ്കേതികവിദ്യ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് മാനേജിങ് പാർട്ണറും സിഇഒയും സിഎംഒയുമായ ഡോ. ഉണ്ണികൃഷ്ണൻ നായർ പറഞ്ഞു. തിരുവനന്തപുരം, കൊച്ചി കേന്ദ്രങ്ങളിൽ 'സിൽക്' സാങ്കേതികവിദ്യ സജ്ജമാക്കിയതോടെ അത്യാധുനിക ലേസർ നേത്രചികിത്സാ സൗകര്യം സംസ്ഥാനത്തെ എല്ലാവർക്കും എളുപ്പത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

പുതിയ എലിറ്റ പ്ലാറ്റ്ഫോമിന്റെ സഹായത്തോടെ, വിഷമദൃഷ്ടി , ഹ്രസ്വദൃഷ്ടി എന്നീ പ്രശ്നങ്ങളുള്ള രോഗികൾക്ക് നൂതനമായ 'സിൽക്' ശസ്ത്രക്രിയയിലൂടെ മികച്ച കാഴ്ചശക്തി നൽകാൻ ചൈതന്യയിലെ ഡോക്ടർമാർക്ക് സാധിക്കും. ഏറ്റവും വേഗതയേറിയ ലേസർ ഡെലിവറി സംവിധാനമുള്ള 'എലിറ്റ ഫെംടോസെക്കൻഡ് ലേസർ' അതിസൂക്ഷ്മമായ ലേസർ പൾസുകളാണ് ഉപയോഗിക്കുന്നത്. ഇതുവഴി നേത്രപടലത്തിലെ ചെറിയ പാളി വളരെ സുഗമമായി നീക്കം ചെയ്യാൻ സാധിക്കും

108ാം സ്ഥാപകദിനം ആഘോഷിച്ച് യൂണിയൻ ബാങ്ക്

മുംബൈ: യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ 108ാം സ്ഥാപകദിനാഘോഷത്തോടനുബന്ധിച്ച് രാജ്യത്തുടനീളം 108 പുതിയ ശാഖകൾ ഉദ്ഘാടനം ചെയ്തു. ഡിജിറ്റൽ വായ്പാ സേവനങ്ങൾ, യുപിഐ അധിഷ്ഠിത സൗകര്യങ്ങൾ, ഓൺലൈൻ ലോക്കർ സംവിധാനം തുടങ്ങി നിരവധി പുതിയ സേവനങ്ങളും അവതരിപ്പിച്ചു. മുംബൈയിൽ നടന്ന ചടങ്ങിൽ മുൻ സെബി ചെയർമാൻ എം. ദാമോദരൻ, കേന്ദ്ര ധനമന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി ഡോ. ദേബാശിഷ് പ്രസ്റ്റി, ബാങ്ക് എംഡിയും സിഇഒയുമായ അശീഷ് പാണ്ഡെ എന്നിവർ പങ്കെടുത്തു.



ഡിജിറ്റൽ രൂപ (സിബിഡിസി) പ്രചാരണത്തിന്റെ ഭാഗമായി 28,506 ഉപയോക്താക്കളെയും 804 വ്യാപാരികളെയും ബാങ്ക് പുതുതായി ഉൾപ്പെടുത്തി. ഇതിലൂടെ 465.43 കോടി രൂപയുടെ 37.05 ലക്ഷം ഇടപാടുകൾ നടന്നു. ജീവനക്കാരുടെ അവധിക്കൂലിക്ക് തുല്യമായ 11.17 കോടി രൂപ നാഷണൽ ഡിഫൻസ് ഫണ്ടിലേക്കും സംഭാവന ചെയ്തു.



ക്രോംപ്ടണിന്റെ പുതിയ പ്രീമിയം സ്മാർട്ട് ഫാനുകൾ വിപണിയിൽ

കൊച്ചി: ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് മൂന്ന് പുതിയ സൂപ്പർ പ്രീമിയം ഫാനുകൾ അവതരിപിച്ചു. സൈലന്റ് പ്രോ ഫ്ലൂയിഡോ ഗ്ലൈഡ്, ലക്സിയൻ ജൂപ്പിറ്റർ സെൻസ്, ലക്സിയൻ സ്റ്റേറ്റ്മെന്റ് സെൻസ് എന്നിവയാണ് പുതിയ മോഡലുകൾ.ആക്റ്റീവ് ബിഎൽഡിസി സാങ്കേതികവിദ്യയും 20ലധികം സ്പീഡ് ഓപ്ഷനുകളും ഉൾപ്പെടുത്തിയ ഫാനുകൾ ക്രോംപ്ടൺ സെൻസ് മൊബൈൽ ആപ്പ്, റിമോട്ട് കൺട്രോൾ, ആമസോൺ അലക്സ, ഗൂഗിൾ അസിസ്റ്റന്റ് എന്നിവ വഴി നിയന്ത്രിക്കാം. ടൈമർ, സ്മാർട്ട് ഷെഡ്യൂളിങ്, റിവേഴ്സ് റൊട്ടേഷൻ സംവിധാനങ്ങളും ലഭ്യമാണ്.

പുതിയ ശ്രേണിയിലെ സൈലന്റ് പ്രോ ഫ്ലൂയിഡോ ഗ്ലൈഡിന് ശബ്ദക്കുറവും 50 ശതമാനം വരെ ഊർജലാഭവും ഉറപ്പാക്കുന്ന സാങ്കേതികവിദ്യയുണ്ട്. ലക്സിയൻ ജൂപ്പിറ്റർ സെൻസിൽ അലങ്കാര ഗ്ലാസ് ലാമ്പ്ഷെയ്ഡുകളും, ലക്സിയൻ സ്റ്റേറ്റ്മെന്റ് സെൻസിൽ എട്ട് ബ്ലേഡുകളുമാണ് പ്രധാന സവിശേഷതകൾ. മൂന്ന് മോഡലുകൾക്കും നാല് വർഷത്തെ മോട്ടോർ വാറന്റിയും രണ്ട് വർഷത്തെ പിസിബി വാറന്റിയും ലഭിക്കും.



കോഫി സംസ്കാരത്തിന്റെ ആഘോഷമായി കേരള കോഫി ഫെസ്റ്റിവൽ

കൊച്ചി: ഇന്ത്യയിലെ വളർന്നുവരുന്ന കോഫി സംസ്കാരവും ബാരിസ്റ്റകളുടെ കഴിവും ആഘോഷിച്ച് കേരള കോഫി ഫെസ്റ്റിവൽ 2026 കോഴിക്കോട് സമാപിച്ചു. നവംബർ 7, 8 തീയതികളിൽ ബീച്ച് റോഡിലെ ആസ്പിൻ കോർട്ട്യാർഡ്സിലായിരുന്നു രണ്ടുദിവസത്തെ ഫെസ്റ്റിവൽ. കോഫി പ്രേമികൾ, വ്യവസായ രംഗത്തെ പ്രമുഖർ, സംരംഭകർ, ഹോസ്പിറ്റാലിറ്റി മേഖലയിലെ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. ആസ്റ്റോറിയയുടെ പിന്തുണയോടെ സംഘടിപ്പിച്ച ബാരിസ്റ്റ ചാമ്പ്യൻഷിപ്പായിരുന്നു പ്രധാന ആകർഷണം. കെഎഎപി ഐ സൊല്യൂഷൻസ് പ്രൊഫഷണൽ കോഫി മെഷീനുകളും ഉപകരണങ്ങളും പരിചയപ്പെടുത്തി. കഫേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ഉപകരണങ്ങൾ സ്റ്റാൾ എ7ൽ പ്രദർശിപ്പിച്ചു. കോഫി മേഖലയിലെ നൂതന ആശയങ്ങൾക്കും പ്രൊഫഷണൽ മികവിനും വേദിയൊരുക്കുന്നതായിരുന്നു ഫെസ്റ്റിവൽ.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com